LIBRARY ARCHIVES Kerala Legislative Assembly

ബോട്ട് ലാസ്കർ തസ്തികയിലേക്കുള്ള പി.എസ്.സി. നിയമനം

62 (2880) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബോട്ട് ലാസ്കർ തസ്തികയിലേക്കായി 95/2007 കാറ്റഗറി നമ്പറിൽ പി.എസ്.സി. പുറത്തിറക്കിയ ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട് ; വിശദാംശം സഹിതം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും ഹിന്ദു നാടാർ വിഭാഗത്തിൽപ്പെട്ട എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഇല്ല എങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ലിസ്റ്റിൽ നിന്നും ആകെ നൽകിയിട്ടുള്ള നിയമനങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 214 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. മെയിൻ ലിസ്റ്റിൽ എല്ലാവർക്കും നിയമന ശിപാർശ നൽകിയതിനെ തുടർന്ന് റാങ്ക് പട്ടിക 31-10-2011-ൽ കാലഹരണപ്പെടുകയും ചെയ്തിട്ടുണ്ട്.

(ബി) ഹിന്ദു നാടാർ വിഭാഗത്തിൽ നിന്നും ആർക്കും നിയമന ശിപാർശ നൽകിയിട്ടില്ല. ഈ റാങ്ക് പട്ടിക നിലവിൽ വന്ന തീയതിയായ 15-12-2009-ൽ ഹിന്ദു നാടാർ വിഭാഗത്തിനായി പ്രത്യേക ടേണുകൾ ഇല്ലായിരുന്നു. 30-9-2010-ലെ സർക്കുലർ നം.23/10 പ്രകാരം ഹിന്ദു നാടാർ വിഭാഗത്തിലെ രണ്ടുപേരെ സപ്ലിമെന്ററി ലിസ്റ്റിൽ ഉൾപ്പെടുത്തി 7-4-2011-ൽ തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിച്ചു. എന്നാൽ തുടർന്ന് വന്ന റൊട്ടേഷനിൽ ഹിന്ദു നാടാർ വിഭാഗത്തിന്റെ ടേൺ/OBC ടേൺ ഉൽഭവിക്കാതിരുന്നതിനാൽ ടി വിഭാഗത്തിൽ നിന്നും ആർക്കും നിയമന ശിപാർശ നൽകിയിട്ടില്ല. റാങ്ക് പട്ടിക 31-10-2011-ന് കാലഹരണപ്പെട്ടിട്ടുണ്ട്.

(സി)

OC	എല്ലാവരെയും നിയമനത്തിനായി ശിപാർശ ചെയ്യു
E-S/L	2-ാം റാങ്കുവരെ
SC-S/L	1-ാം റാങ്കുവരെ
ST	All
M-S/L	18-ാം റാങ്കുവരെ
LC/AI-S/L	1-ാം റാങ്കുവരെ
OBC	Upto OC
Viswakarma	Nil
Dheevara	Upto OC
SIUC Nadar	All
Hindu Nadar	Nil
OX-S/L	1-ാം റാങ്കുവരെ
LB/BT	Nil
PH (Blind)	Nil
PH (Deaf)	Nil
PH (Ortho)	Nil

കാസർഗോഡ് സിവിൽ സ്റ്റേഷൻ ജീവനക്കാർക്ക് എച്ച്.ആർ.എ.

63 (2881) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് മുനിസിപ്പൽ അതിർത്തിയിലെ ചെങ്ങള പഞ്ചായത്തിലാണ് കാസർഗോഡ് സിവിൽ സ്റ്റേഷൻ സ്ഥിതിചെയ്യുന്നതെന്നുള്ളതുകൊണ്ട് അവിടത്തെ ജീവനക്കാർക്ക് പഞ്ചായത്തിലെ നിരക്കിൽ മാത്രമേ എച്ച്.ആർ.എ. നൽകുന്നുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly